**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4260** **18-03-2025 - ൽ മറുപടിയ്ക്ക്**

**ജീവാനന്ദം പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) | സർക്കാർ ജീവനക്കാർക്ക് വേണ്ടി ഇൻഷുറൻസ് വകുപ്പ് മുഖേന നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന 'ജീവാനന്ദം' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു ആന്വറ്റി പദ്ധതിയാണ് 'ജീവാനന്ദം'. സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിലവിലുള്ള വരുമാനത്തിൽ നിന്നും ഒരു ഭാഗം പ്രസ്തുത പോളിസിയിൽ പ്രീമിയമായി നിക്ഷേപിക്കുമ്പോൾ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം മാസം തോറും പെൻഷനു തത്തുല്യമായ ഒരു ആന്വറ്റി റിട്ടേൺ തുക ലഭ്യമാക്കിക്കൊണ്ട് ദീർഘകാലത്തെ സുരക്ഷിതമായ ജീവിതം ഉറപ്പ് വരുത്തുന്ന ഒരു പദ്ധതിയാണിത്. പദ്ധതിയിലേയ്ക്ക് ഒരുമിച്ചോ തവണ വ്യവസ്ഥയിലോ പ്രീമിയം ഒടുക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. ജീവാനന്ദം ഒരു നിർബന്ധിത പദ്ധതിയല്ല. സർവ്വീസിൽ നിന്നും വിരമിച്ച ശേഷം അധികമായി ആനുകൂല്യം ആവശ്യമുള്ള ജീവനക്കാരെ ഉദ്ദേശിച്ച് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഇത്. ഈ പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആക്ച്വറിയെ ചുമതലപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് ഡയറക്ടർക്കുള്ള അനുമതി ഉത്തരവ് മാത്രമാണ് നിലവിൽ പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് മറ്റ് തുടർ നടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |
| (ബി) | നിലവിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പെൻഷൻ അർഹത ഉള്ളതിനാൽ ഇത്തരത്തിൽ ഒരു വിരമിക്കൽ ആനുകൂല്യം അധികമായി നൽകേണ്ടതിന്റെ ആവശ്യകത ഉണ്ടോ; അതിനായി മാസ അടവ് നിർബന്ധമാക്കുമെന്ന് പദ്ധതിയുടെ രൂപരേഖയിലുണ്ടോ; എങ്കിൽ ഈ പ്രൊപ്പോസൽ പുന:പരിശോധിക്കുമോ; | (ബി) | മറുപടി 'എ' പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്റ്റാറ്റ്യൂട്ടറി/കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാർക്കും ജീവാനന്ദം പദ്ധതി നിർബന്ധിതമാണോ; എങ്കിൽ ആവശ്യമുള്ളവർക്ക് മാത്രം ചേരാവുന്ന തരത്തിൽ പദ്ധതിയുടെ രൂപരേഖ പരിഷ്ക്കരിക്കുമോ; | (സി) | മറുപടി 'എ' പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ പോലും ലഭിക്കാതെ ബുദ്ധിമുട്ടുന്ന ജീവനക്കാരിൽ നിന്നും മറ്റൊരു അടവ് കൂടി ഈടാക്കി അവരെ കൂടുതൽ ബുദ്ധിമുട്ടിലേക്ക് നയിക്കുന്നതിന് പകരം മുഴുവൻ ആനുകൂല്യങ്ങളും കുടിശ്ശിക അടക്കം നൽകിയതിന് ശേഷം ഇത്തരം നൂതന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ഡി) | മറുപടി 'എ' പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ